
# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

Editor,
THE BIBLE TEACHER
C-22, N. D. S. E. II
NEW DELHI-110049.


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നീങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 11 August 1997 No. 5


## എഡിറ്റോറിയൽ

എല്ലാ രാജ്യങ്ങളിലും ജനങ്ങളുടെ ഇടയിൽ പരക്കെ സംസാരിച്ചു കേൾക്കുന്നതു ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളാണ്. അതു മതപരമായാലും രാഷ്ട്രീയ പരമായാലും സാംസ്കാരികമായാലും ശരിയാണ്. അരുതാത്തതു പറയുകയും ചെയ്യുകയും ചെയ്യുമ്പോൾ അതിന്റെ പ്രത്യാഘാതം പ്രതികൂലമായിരിക്കും എന്നു നാം ഓർക്കണം. ദീർഘ വീക്ഷണമില്ലായ്കകൊണ്ടും താല്ക്കാലിക നേട്ടം മനസിൽ വെച്ചു പ്രവർത്തിക്കുന്നതുകൊണ്ടുമാണ് അങ്ങനെ സംഭവിക്കുന്നതു. അടിസ്ഥാനപരമായി ഭൂരിഭാഗം പേരും ഇതു മനസിലാക്കുന്നില്ല എന്നു വേണം കരുതുവാൻ. ആദ്യ മനുഷ്യന്റെ ആദ്യ ലംഘനം തൊട്ട് നാം ഇതു കാണുന്നു. ഈ പ്രതിഭാസം ഗുണമല്ല ദോഷമത്രെ വരുത്തി വെക്കുന്നതു. മനസിനെയും ശരീരത്തെയും ആത്മാവിനെയും നശിപ്പിക്കുന്ന മനോഭാവം എന്തുകൊണ്ടുണ്ടാകുന്നു എന്നു തിരിച്ചറിഞ്ഞ് അതി ജീവിക്കാനുള്ള പ്രതിവിധി കണ്ടെത്തണം. ഓരോ വ്യക്തിയും ഇതിനു ശ്രമിക്കണം. എങ്കിലേ ക്ലേശം മാറുകയുള്ളു.

ദൈവിക ശക്തിയോടു പോരാടുന്ന ഒരു ശക്തി ആരംഭം മുതൽ നാം കാണുന്നു. ന്യായത്തെ എതിർക്കുന്നതു അന്യായമാണ്. നീതിയെ എതിർക്കുന്നതു അനീതിയാണ്. സത്യത്തെ എതിർക്കുന്നതു അസത്യമാണ്. ദൈവിക വ്യവസ്ഥയെ എതിർക്കുന്നതു ലൗകിക വ്യവസ്ഥയാ

ണ്. പിന്നിൽ പ്രവർത്തിക്കുന്നതു പിശാചും. ദുഷ് പ്രേരണ, ദുരുപായം, ദുരുപദേശം എന്നിവ ദുരുദ്ദേശപരമാണ്. ദൈവം നല്കിയ നിയമത്തെ ലംഘിക്കുന്നവർ ദൈവത്തെ എതിർക്കുന്നവരാണ്. അറിഞ്ഞോ അറിയാതെയോ ഏററവുമധികം പേർ ഇതിൽ പങ്കാളികളായി മാറുന്നു ഇന്നത്തെക്കാലം അധികമാണ് നാളെ എന്ന സ്ഥിതിയാണ് ഈ കാര്യത്തിൽ ഉള്ളതു. അതുകൊണ്ട് മനുഷ്യർക്ക് ഒഴിച്ച് കൂടാനാവാത്ത ഒന്നു ദൈവത്തിൽ ശരണം പ്രാപിക്കുക എന്നതാണ്. സ്വന്ത കഴിവുകൊണ്ട് ഈ ധിക്കാര മനോഭാവം മാററാൻ ആർക്കും കഴിയുകയില്ല. ആ തിരിച്ചറിവു എൻെറയും നിങ്ങളുടേയും ബുദ്ധിയെ ഉണർത്തുന്നു.

അത്രയും കൊണ്ടു നിർത്തരുതു. ഹൃദയത്തിലെ ചിന്തകളും വൈകാരിക പ്രതിക്രിയകളും അപരനു ഹാനികരമാകുന്നെങ്കിൽ അതു ഉപേക്ഷിക്കുവാൻ തയ്യാറാകണം. ഒന്നിനെ കളയുന്നെങ്കിലേ മറെറാന്നിൻെറ പൂർണ്ണമായ പ്രയോജനം കൈവരിക്കാൻ പററു. പഴയ സ്വഭാവങ്ങളെ ത്യജിച്ച് പുതിയ മാതൃകാപരമായ സ്വഭാവത്തെ സ്വീകരിക്കണം. യേശുക്രിസ്തുവിൻെറ മാതൃക പിൻപററുക. അതാണ് ഏക പ്രതിവിധി. പൈശാചിക ശക്തിയോട് എതിർക്കുവാൻ ദൈവത്തിൻെറ കൃപയും ബലവുമാണ് ആവശ്യം. മനുഷ്യ നന്മക്കുവേണ്ടി അവസാനത്തോളം യത്നിച്ച യേശുവിൻെറ ഉപദേശങ്ങൾ നിങ്ങളേയും എന്നേയും നേർ വഴിയിൽ നടത്തും. അതുകൊണ്ട് അവനെ കേട്ടു പഠിച്ച്, മനസിലാക്കി ജീവിക്കുക, അപ്പോൾ ഏവർക്കും ജീവിതം ശരിയായി ആസ്വദിക്കാം.

★

# നമ്മുടെ യുവാക്കളോട്

## J.C. ചോട്ട്

നമ്മുടെ യുവാക്കളാണ് നമുക്ക് അഭിമാനവും സന്തോഷവും ജനിപ്പിക്കുന്നതു. നാളെയെ പ്രതിനിധീകരിക്കേണ്ടവരാണ് അവർ. നാം എവിടെ നിർത്തുന്നുവോ അവിടെ അവർ ആരംഭിക്കണമെന്നാണ് നമ്മുടെ ആശ.

ഈ ഇടവക ധാരാളം യുവതീയുവാക്കളാൽ അനുഗ്രഹീതരാണ്. മിക്കവരും ക്രിസ്തീയ ഭവനങ്ങളിൽ ജനിച്ചു വളർന്നവരാണ്. അവരുടെ ജീവിതത്തിൽ മററൊന്നും അറിയാത്തവരാണ്. ആരാധനക്കായി എല്ലാ ആഴ്ച്ചയിലും അവർ പോകുന്നു. ബൈബിൾ പഠനത്തിനായി കൂടിവരുമ്പോഴും അവർ അതിൽ സജീവമായി പങ്കെടുക്കുന്നു. അവർ ഇപ്പോൾ ക്രിസ്ത്യാനികളായി തീർന്നു. അവരിൽ ചിലർ വിവാഹിതരായി ഓരോ കുടുംബമായി തീർന്നു. വേറെ ബാലികാബാലന്മാർ വളർന്നുകൊണ്ടിരിക്കുന്നു. അവർ നാളത്തെ യുവതീയുവാക്കളാണ്. ഇങ്ങനെ മനുഷ്യരുടെ ജീവിത ചക്രം ഉരുളുകയാണ്.

നമ്മുടെ യുവാക്കൾ, സഭയിൽ പാട്ടു പാടുന്നതു നയിക്കുകയും പ്രാർത്ഥിക്കുകയും പ്രസംഗിക്കുകയും, കർത്തൃമേശ വിഭാഗിച്ചു കൊടുക്കയും ചെയ്യാവുന്ന ഒരവസ്ഥയിൽ എത്തി എന്നതു തികച്ചും അഭിമാനകരമാകുന്നു. എനിക്കു അവരോടുള്ള ഉപദേശമെന്തെന്നാൽ തുടർച്ചയായി പ്രാർത്ഥനയോടും വചന പഠനത്തോടും കൂടെ പരിജ്ഞാനത്തിൽ വളർന്നുകൊണ്ടിരിക്കണം എന്നാണ്. നിങ്ങളാണ് ഉപദേഷ്ടാക്കന്മാരെയും സുവിശേഷകന്മാരെയും പ്രതിനിധീകരിക്കേണ്ടത്. ഭാവിയിൽ അങ്ങനെ കർത്താവിന്റെ വേല നിർവിഘ്നം നടത്തി ഈ പ്രദേശത്തും മററു പ്രദേശത്തും വ്യാപിപ്പിക്കേണ്ടവരാണ് നിങ്ങൾ. സഭയെ വളർത്തി ശക്തമാക്കുവാൻ വേണ്ട ഊർജ്ജം നിങ്ങളിൽ വർദ്ധിപ്പിക്കണം.

നമ്മുടെ യുവതികളെ കുറിച്ചും നമുക്ക് അഭിമാനിക്കാം. അവർ ബൈബിൾ ക്ലാസുകളിൽ സജീവമായി പങ്കെടുക്കുകയും തിരുവെഴുത്തുകൾ പഠിക്കയും കുട്ടികളെയും മററു സ്ത്രീകളെയും പഠിപ്പിക്കുകയും ചെയ്യുന്നു. സ്ത്രീകളുടെ യോഗങ്ങളിൽ പ്രസംഗിക്കുകയും അവരുടെ ആത്മീയ പ്രവർത്തനങ്ങളിൽ സഹായിക്കയും ചെയ്യുന്നു എന്നതു സന്തോഷം ഉളവാക്കുന്നു. അവർക്കും ദൈവവേലയിൽ ചിലതു ചെയ്യാൻ കഴിയുമെന്ന് അവർ മനസിലാക്കി പ്രവർത്തിക്കുന്നു. സഭയുടെ വളർച്ചക്കു കൂട്ടായ പ്രവർത്തനം അനിവാര്യമാണ് എന്നതിൽ സംശയമേയില്ല. ഓരോരുത്തരും അവരവർക്കു ലഭിച്ചിരിക്കുന്ന കഴിവു തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നു എങ്കിൽ സഭ വളരും.

ഓരോ മാസവും ഇവിടെ നിന്നു പ്രസിദ്ധീകരിക്കുന്ന മാസികയുടെ പ്രവർത്തനത്തിലും നമ്മുടെ യുവാക്കൾ നല്ലൊരു പങ്കു വഹിക്കുന്നുണ്ട്. അതു തപാലിൽ അയക്കുന്നതിനു മുൻപുള്ള ജോലികൾ അവർ കൂട്ടായി നിർവ്വഹിക്കുന്നു. പുസ്തകങ്ങൾ കെട്ടി പാഴ്സലുകൾ ആയി പല പ്രദേശങ്ങളിലേക്കു അയക്കുവാനും അവർ സഹായിക്കുന്നുണ്ട്. ഭാവിയിലെ ഉപയോഗത്തിനു പുസ്തകങ്ങൾ അടുക്കി ഒതുക്കി വെക്കുവാനും അവർ സമയം കണ്ടെത്തുന്നു, ചുരുക്കി പറഞ്ഞാൽ സഭയുടെ ഏതു പ്രവർത്തിയായാലും അവർ അതു അറിഞ്ഞു ചെയ്യുന്നു. എന്തു ചെയ്യാൻ ആവശ്യപ്പെട്ടാലും അതു ചോദ്യം കൂടാതെ ചെയ്യുവാനുള്ള മനോഭാവം അവർക്കുണ്ട്.

ഭാവിയിലും കർത്താവിന്റെ വേലയിൽ ഉററിരിപ്പാൻ നമ്മുടെ യുവാക്കളോടു ഞാൻ അഭ്യർത്ഥിക്കുന്നു. സഭയിൽ ഉപദേഷ്ടാക്കളും ശുശ്രൂഷകരും അദ്ധ്യക്ഷന്മാരും ആയി വളരുന്നതിനേക്കാൾ വലിയ മഹത്വം മറെറാന്നുമില്ല എന്നതാണ് വാസ്തവം. യുവതികളോടു ഞങ്ങൾക്കുള്ള അപേക്ഷ എന്തെന്നാൽ നിങ്ങൾ കൂടുതൽ ശ്രദ്ധ

നം പഠിക്കയും കുട്ടികളേയും മററു സ്ത്രീകളേയും ഉപദേശിക്കയും പഠിപ്പിക്കയും ചെയ്യണം എന്നാണ്. യുവാക്കളും യുവതികളും വ്യക്തിപരമായി ദൈവ വേലക്കായി ഉയരണം. നിങ്ങൾ എവിടെയായാലും എന്തു ജോലി ചെയ്താലും നിങ്ങളുടെ വീട്ടിലെ അംഗങ്ങളോട്, സ്നേഹിതരോട്, അയൽക്കാരോട്, സ്ഥാപനത്തിലെ മററു ജോലിക്കാരോട് എല്ലാവരോടും ദൈവ വചന സത്യം അറിയിക്കുന്നവരായി തീരണം. യേശുക്രിസ്തുവിനെയും അവന്റെ രക്ഷയെയും ആളുകൾ അറിയിക്കണമെങ്കിൽ നിങ്ങൾ ഓരോരുത്തരും, ക്രിസ്തുവും അപ്പൊസ്തലന്മാരും കാണിച്ചുതന്ന മാതൃകയനുസരിച്ച് എല്ലാവരേയും സുവിശേഷ സത്യം അറിയിക്കണം.

യുവാക്കളോടു എനിക്കു നിർദ്ദേശിക്കുവാനുള്ളതു എല്ലായ്പ്പോഴും സത്യം സംസാരിക്കുക, കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കാതെ എല്ലാ കാര്യങ്ങളിലും സത്യസന്ധത പുലർത്തുക. ദുസ്വഭാവങ്ങൾ നിങ്ങളിൽ വരാതെ വണ്ണം നിങ്ങളെ സൂക്ഷിക്കുക. ദുഷ്പ്രവർത്തിക്കാരോടു സഹവർത്തിത്വം പുലർത്താതിരിക്കുക. കാരണം അവരുടെ സ്വാധീനം നിങ്ങളെ മോശമാക്കും. അധാർമ്മിക പരിശീലനങ്ങളിൽ നിന്നു നിങ്ങളുടെ ശരീരത്തെയും മനസിനെയും സൂക്ഷിക്കുക. നിങ്ങൾ അങ്ങനെ വിവാഹ പ്രായമെത്തുമ്പോൾ സഭയിലുള്ള സത്യ ക്രിസ്ത്യാനിയെ മാത്രം വിവാഹം കഴിക്കുക. ഒരു ഉയർന്ന ആത്മീയ നിലവാരം കാത്തുകൊള്ളുക. നിങ്ങൾക്കും കുടുംബാംഗങ്ങൾക്കും ഒത്തൊരുമിച്ച് സന്തോഷമുള്ള കുടുംബ ജീവിതം നയിക്കുവാൻ നിങ്ങളുടെ ജീവിതം സ്വസ്ഥതയുള്ളതായി തീരുവാൻ കർത്താവിന്റെ സഭയിലുള്ള അംഗങ്ങൾ തമ്മിൽ വിവാഹിതരാകുക. മറിച്ച് ചെയ്താൽ പലവിധ ദോഷങ്ങൾ നിങ്ങളെ പിന്തുടരും.

നിങ്ങളുടെ അറിവിൽ യഥാർത്ഥ ക്രിസ്ത്യാനിയായിട്ടുള്ളവർ നിങ്ങൾക്കു യോജിച്ചവരായിട്ടില്ലെങ്കിൽ പററി

യവരെ പഠിപ്പിച്ച് സത്യം അനുസരിക്കുന്നതുവരെ കാത്തിരിക്കുക. ഈ കാര്യത്തിൽ നിങ്ങൾക്കു സഹായം ആവശ്യമെങ്കിൽ നിങ്ങളുടെ സഹോദരീ സഹോദരന്മാരെ സമീപിക്കുക. അതു സാദ്ധ്യമാണോ? തീർച്ചയായും. മുൻപ് പല പ്രാവശ്യവും നടന്നിട്ടുണ്ട്. പക്ഷെ ആ വ്യക്തി സത്യം മനസിലാക്കി പരിവർത്തനം ചെയ്യുന്നതാണോ എന്നു ഉറപ്പു വരുത്തണം. നിങ്ങളെ പ്രീതിപ്പെടുത്തുന്ന രീതിയിൽ സമ്മർദ്ദത്തിനു വഴങ്ങി സ്നാനപ്പെടുന്നതോ കർത്താവിന്റെ സഭയിൽ അംഗമാകുന്നതോ ആകരുത്. വിവാഹശേഷം പങ്കാളിയെ പരിവർത്തനം ചെയ്തുകൊള്ളാമെന്ന് എപ്പോഴും കരുതരുത്. മിക്കവാറും സന്ദർഭങ്ങളിൽ അങ്ങനെ സംഭവിക്കാറില്ല. നിങ്ങൾ എടുക്കുന്ന തീരുമാനത്തെ ആശ്രയിച്ചാണ്, നിങ്ങളുടെ ആത്മാവിന്റെ രക്ഷ, പങ്കാളിയുടെ ആത്മ രക്ഷ, നിങ്ങളുടെ കുട്ടികളുടെ രക്ഷ, ഭാവിയിൽ ഉണ്ടാകാനിരിക്കുന്ന തലമുറകളുടെ രക്ഷയെല്ലാം ഇരിക്കുന്നതു എന്നു ഓർക്കണം. അവിശ്വാസികളുമായി ഇണയില്ലാ പിണ കൂടരുതെന്നു വചനം നമ്മെ പഠിപ്പിക്കുന്നു (2 കൊരിന്ത്യർ 6·14-18).

ഒരു ക്രിസ്ത്യാനി, ക്രിസ്ത്യാനിയെ വിവാഹം കഴിച്ചാൽ തന്നെയും അന്യോന്യം സ്നേഹിക്കുന്ന രക്ഷകർത്താക്കളായിരിക്കണം; കുട്ടികളെ സ്നേഹിക്കുകയും ചെയ്യുക. ആരംഭത്തിൽ തന്നെ ക്രിസ്തുവിനെ കുറിച്ച് അവരെ പഠിപ്പിക്കുക. അവർക്കു നല്ല മാതൃക കാണിച്ചുകൊടുക്കുക. ബൈബിൾ പഠനത്തിനും ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലെ ആരാധനക്കും നിങ്ങൾ നിങ്ങളോടൊപ്പം അവരേയും കൊണ്ടു പോകണം. ഓരോ ദിവസവും, നിങ്ങൾ അവർക്കു ബൈബിൾ പഠനം കൊടുത്തു ഒരുമിച്ചു പാട്ടു പാടുകയും പ്രാർത്ഥിക്കയും ചെയ്യുക. നിങ്ങൾ എന്തു ചെയ്യുന്നു എന്നതിനെ അടിസ്ഥാനമാക്കി, നോക്കിയാണ് നിങ്ങളുടെ കുട്ടികൾ വളരുന്നതു. കുട്ടികളെ കർത്താവിന്റെ പത്ഥ്യോപദേശത്തിലും ബാല ശിക്ഷയിലും വളർത്തണമെന്നും മക്കൾ അമ്മയപ്പന്മാരെ അനുസരിക്കണമെന്നതും യോഗ്യമായതു തന്നെ (എഫെസ്യർ 6:1-4).

നിങ്ങൾക്കു മനോഹരമായ ഭാവിയുണ്ടാകട്ടെ എന്നു പ്രത്യാശിക്കുന്നു. വിശ്വസ്തരായ ക്രിസ്ത്യാനികൾക്കു ദൈവം ധനികമായ അവകാശം നല്കും. നിങ്ങൾ സഭ കൂടിവരുന്നതിന് അടുത്താണ് താമസമെങ്കിൽ സഭയുടെ പ്രവർത്തനങ്ങളിൽ പങ്കു ചേരുക. വിദൂര സ്ഥലത്താണെങ്കിൽ അവിടെ സഭയുടെ കൂടിവരവ് ഉണ്ടാകുന്നതിനു പരിശ്രമിക്കുക. വചന പരിജ്ഞാനമുള്ളവരെ അതിനായി ഉപയോഗപ്പെടുത്തുക. അതു നിങ്ങൾക്കും കുടുംബത്തിനും മററുള്ളവർക്കും പ്രയോജനപ്പെടും. നിങ്ങൾ ഈ ലോകത്ത് എവിടെ പോയാലും കർത്താവിനോടുള്ള വിശ്വസ്തത മുറുകെ പിടിച്ച് അവന്റെ വേല ചെയ്യുക. നിങ്ങൾ ആയിരിക്കുന്ന സ്ഥലത്തുള്ള കർത്താവിന്റെ സഭയിൽ നിങ്ങളും സജീവമായി പ്രവർത്തിക്കുക. അവിടെ കർത്താവിന്റെ സഭ ഇല്ലെങ്കിൽ നിങ്ങൾ അതിനു പ്രാരംഭം കുറിക്കുക. അങ്ങനെ നിങ്ങളും ആ പ്രദേശത്തുള്ള ആളുകളും അനുഗ്രഹിക്കപ്പെടുവാൻ ഇടയാകും. സത്യസന്ധരായ നമ്മുടെ യുവാക്കൾക്കായി ദൈവത്തിനു സ്തോത്രം.

★

# ലോകത്തിലെ നല്ല ആളുകൾ

## വെൽഡൺ ലങ് ഫീൽഡ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അതി ശ്രദ്ധയോടെ പ്രാർത്ഥിച്ചു. അവന്റെ വിയർപ്പ് നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി (ലൂക്കൊസ് 22:44). ഈ സമയത്തു അവനെ ആശ്വസിപ്പിപ്പാൻ ആരും ഇല്ലായിരുന്നു. അവന്റെ ഏററവും അടുത്ത ശിഷ്യന്മാർപോലും ഉറങ്ങുകയായിരുന്നു (മത്തായി 26:40-41).

യേശുവിനെ പിടിച്ചു കഴിഞ്ഞപ്പോൾ അവനോടു കൂടെയുണ്ടായിരുന്നവർ പിൻവാങ്ങി പോയി. അവനെ പി

ടിച്ചവർ അവൻെറ മുഖത്തു തുപ്പി, മുഷ്ടി ചുരുട്ടികുത്തി, കന്നത്തടിച്ചു, മുൾക്കിരീടമണിയിച്ചു, കയ്പുനീർ കുടിപ്പിച്ചു. അതെല്ലാം യേശു സഹിച്ചു. അപ്പോൾ അവൻെറ ശിഷ്യന്മാരിൽ ഒരാൾ യേശുവിനെ ഞാൻ അറിയുന്നേയില്ല എന്നു തള്ളിപ്പറഞ്ഞു. യേശുവിനെ ഒററികൊടുത്തതും നല്ലവരുടെ കൂട്ടത്തിൽ പെട്ടവനായിരുന്നല്ലോ. എന്നാൽ യേശു ചെയ്ത അത്ഭുതങ്ങൾ എല്ലാം നേരിൽ കണ്ടവരും അവൻെറ വാഗ്ദാനങ്ങൾ ലഭിച്ചവരും അവനെ തള്ളിപ്പറയുകയാണ് ചെയ്തതു. നല്ലവരായ ആളുകളിലും തെററു പററാമെന്ന പാഠം പഠിപ്പിക്കുന്നല്ലോ. പഴയ നിയമത്തിലെ ദാവീദ് രാജാവും നല്ലവനായിരുന്നു. പക്ഷെ പാപത്തിൻെറ പരീക്ഷണ ഘട്ടത്തിൽ അവൻ പരാജിതനായിപോയി.

ലോകത്തിലെ നല്ല ആളുകൾക്കു വേണ്ടി ക്രിസ്തു എന്താണ് ചെയ്തതു എന്നു നോക്കാം. അവൻ അവരെ സ്നേഹിക്കുന്നു എന്നു പറകയും പ്രവർത്തിയിലൂടെ പ്രദർശിപ്പിക്കയും ചെയ്തു. പിതാവു എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു എന്നതാണ് കർത്താവു പറഞ്ഞതു (യോഹന്നാൻ 15:9). അവൻ അവർക്കു വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നല്കി. ''അവിടെ നിന്നു അവൻ പുറപ്പെട്ടു യോർദ്ദാന്നക്കരെ യെഹൂദ്യദേശത്തിൻെറ അതിരോളം ചെന്നു; പുരുഷാരം പിന്നെയും അവൻെറ അടുക്കൽ വന്നുകൂടി. പതിവുപോലെ പിന്നെയും അവൻ അവരെ ഉപദേശിച്ചു (മർക്കൊസ് 10:1). അവൻ അവരുടെ പാപങ്ങൾ ക്ഷമിച്ചു കൊടുത്തു (ലൂക്കൊസ് 23:24). അവർ അറിവില്ലാതെ ചെയ്തതുകൊണ്ട് അവരോടു ക്ഷമിക്കേണമെ എന്നു അവൻ പ്രാർത്ഥിക്കുന്നു. നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിനു നമുക്കു വേണ്ടി മരിച്ച കർത്താവായ യേശുക്രിസ്തു മൂലം രക്ഷയെ പ്രാപിപ്പാനത്രേ നിയമിച്ചിരിക്കുന്നതു (1 തെസലൊനിക്യർ 5:10).

★

# സഭയിൽ ക്രിസ്ത്യാനിയുടെ കടമ

## W.A. ഹോളെ

കടമ എന്ന വാക്ക് സുപ്രധാനമാണ്. ഓരോരുത്തർക്കും ചെയ്യാവുന്ന രീതിയിൽ പറഞ്ഞ് നിശ്ചയിച്ചിരിക്കുന്നതാണ് കടമ. മനുഷ്യ ജീവിതത്തിന്റെ പൊതുവായ ഉദ്ദേശവും കടമയും ശലോമോൻ വ്യക്തമാക്കുന്നുണ്ട്. എല്ലാററിന്റേയും സാരം കേൾക്കുക. ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക; അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടതു. ദൈവം നല്ലതും തീയതുമായ സകല പ്രവർത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലൊ (സഭാപ്രസംഗി 12:13-14). അവ്വണ്ണം നിങ്ങളോടു കല്പിച്ചതു ഒക്കെയും ചെയ്തശേഷം ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു എന്നു നിങ്ങളും പറവിൻ (ലൂക്കൊസ് 17:10). യവനന്മാർക്കും ബർബ്ബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു എന്നു പൌലൊസ് പറഞ്ഞിരിക്കുന്നു (റോമർ 1:14).

കടക്കാരൻ എന്നു പറയുമ്പോൾ കടമുള്ളവൻ എന്നാണല്ലൊ അർത്ഥം. ഏതു കടമായാലും കടക്കാരൻ അതു കൊടുത്തു തീർക്കുവാൻ ബാദ്ധ്യസ്ഥനാണ്. ഒരു ദൈവ മകൻ അല്ലെങ്കിൽ ദൈവ മകൾ ആയി തീർന്നാൽ രക്ഷ അന്ത്യംവരെ സൂക്ഷിക്കേണ്ടതാണ്. നാം കൊടുത്തു തീർക്കേണ്ടതായ കടം എന്ത്?

### പൊതുവിലുള്ള നമ്മുടെ ചുമതല

നാം ഓരോരുത്തരും സഭയെ വളർത്തേണ്ടവരാണ്; സഭയ്ക്കു ശക്തി പകരേണ്ടവരാണ്. നാം അതിലെ പണി

ക്കാരാകണം; പൊളിക്കുന്നവരാകരുത്. തെററു കണ്ടെത്തുന്നവരാകരുതു; മറിച്ച് തെററു തിരുത്തുന്നവരാകണം. ശുശ്രൂഷ ചെയ്യിക്കുന്നവരായിട്ടല്ല, ചെയ്യുന്നവരായിരിക്കണം (എഫെസ്യർ 4:1-6).

സഭയിലെ എല്ലാ ക്രിസ്ത്യാനികളും ഒന്നു തന്നെ സംസാരിക്കണം. അതിൻെറ അർത്ഥമേ എല്ലാവരും യോജിപ്പിൽ ആയിരിക്കണം എന്നാണ്. ഭിന്നത ഉടലെടുക്കുന്നതു വിയോജിപ്പ് കൊണ്ടാണ്. സമാധാനവും ഐക്യതയുമാണ് ദൈവത്തിനിഷ്ടം. സഹോദരങ്ങൾ തമ്മിൽ തമ്മിൽ സമാധാനവും ഐക്യതയും പുലർത്തണം (1 പത്രൊസ് 13:1-12). തിരക്കു പിടിച്ച് നടക്കുന്ന ഒരാൾ തൻെറ സ്വഭാവത്തെ ഈ രീതിയിൽ നിലനിർത്തണം. ജഡിക സ്വഭാവമുള്ളവർ തങ്ങളുടെ സ്ഥാപിത താല്പര്യങ്ങൾ നിലനിർത്താൻ ശ്രമിക്കും. അതു സഭക്കു ഹാനികരമാകും. ബഹു ജനത്തെ അനുസരിച്ച് നാം ദോഷം ചെയ്യരുതു (പുറപ്പാട് 23:2).

ക്രിസ്ത്യാനിയുടെ സ്വഭാവത്തിനു പ്രധാന്യമുണ്ട്. ''അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ'' (മത്തായി 5:16). നീതിമാന്മാരുടെ പാതയോ പ്രഭാതത്തിൻെറ വെളിച്ചം പോലെ. അതു നട്ടുച്ചവരെ അധികം അധികം ശോഭിച്ചു വരുന്നു (സദൃശവാക്യങ്ങൾ 4:18). സഭയെ ഏററവും മനോഹരമായ ഒരു സ്ഥാപനമാക്കി ഉയർത്തുവാൻ എല്ലാ അവയവങ്ങളും ഉററു ശ്രമിക്കണം (റോമർ 2:24; തീത്തൊസ് 2:5).

## പ്രത്യേകമായ നമ്മുടെ കടമ

പ്രായമായവരെ ബഹുമാനിക്കുവാൻ ഏററവും നല്ലതു നോക്കി പ്രവർത്തിക്കണം. മൂപ്പന്മാരെ അനുസരിക്കു

ന്നവരായിരിക്കണം (എബ്രായർ 13:7, 17; പ്രവൃത്തി 20: 17-18). ശുശ്രൂഷകന്മാരെ സഹായിക്കുവാൻ എപ്പോഴും നിങ്ങൾ തയ്യാറായിരിക്കണം. കാരണം അവർ ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണ്. ഉപദേഷ്ടാക്കന്മാരെയും നിങ്ങളെ വചനം പഠിപ്പിക്കുന്നവരേയും സഹായിക്കണം. അവരെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കണം. സുവിശേഷ വേലയിലായിരിക്കുന്ന അവർക്കു യാതൊന്നിനും മുട്ടു വരാതെ നോക്കണം (മർക്കൊസ് 16:15-16; റോമർ 1:16). അവരോട് എതിർക്കുകയോ മത്സരിക്കുകയോ ചെയ്യുന്ന സ്വഭാവം അരുതു. അതു ബഹുമാനിക്കലല്ല. സകല സൽപ്രവർത്തിയിലും പങ്കുകാരായി സഹകരിക്കുക. സഹവർത്തിത്വം ശക്തി സംഭരിക്കും (1 കൊരിന്ത്യർ 3:9; 2 കൊരിന്ത്യർ 6:1-8).

## കടമ ആവശ്യപ്പെടുന്നതു

നിങ്ങളുടെ സമയം, ഊർജ്ജം, സമ്പത്ത് എന്നിവ ശരിയായി നിങ്ങൾ ഉപയോഗിക്കുന്നുണ്ടോ? സഭയുടെ പ്രവർത്തനത്തിൽ നിങ്ങൾ എത്രമാത്രം പങ്കു ചേരുന്നുണ്ട്? നിങ്ങളുടെ സമ്പാദ്യത്തിൽ എത്രമാത്രം നിങ്ങൾ ദൈവ വേലക്കു കൊടുക്കുന്നുണ്ട്? നിങ്ങൾ ഞായറാഴ്ച രണ്ടു മണിക്കൂർ ദൈവത്തിനു കൊടുക്കുകയാണോ? ഇടദിവസങ്ങളിലുള്ള ബൈബിൾ പഠനത്തിന്റെ കാര്യത്തിലോ? ഒരു മാസം നോക്കിയാൽ നിങ്ങൾ സഭയ്ക്കു കൊടുത്ത സമയം എത്രയാണ്? സഭയ്ക്കു കൊടുത്ത പണം എത്ര? നിങ്ങളുടെ താലന്തുകൾ എന്തിനു വേണ്ടി എപ്പോഴെല്ലാം ഉപയോഗിച്ചു എന്നു വിലയിരുത്തുക! കർത്താവിനു വേണ്ടിയാണോ അതോ കർത്താവിനു എതിരായിട്ടോ? ദൈവം പറഞ്ഞിരിക്കുന്ന രീതിയിൽ നിങ്ങൾ സമ്പാദ്യം ഉപയോഗിച്ചില്ലെങ്കിൽ നിങ്ങളുടെ സമ്പാദ്യം അപരന്റെ കൈകളിലേക്കു പൊയ്ക്കൊണ്ടിരിക്കും (എഫെസ്യർ 5:16; മത്തായി 25:14-30 1 കൊരിന്ത്യർ 16:1-2).

സത്യം അറിഞ്ഞിരിക്കുന്ന ഏതൊരാളും ദൈവീക സത്യം അറിഞ്ഞിട്ടില്ലാത്തവരോട് അറിയിക്കണം (യൂദാ 3; 1 തിമൊഥെയോസ് 3:14-15; ഫിലിപ്പിയർ 1:17). കർത്താവിന്റെ സഭയിലെ അംഗങ്ങൾ കർത്താവിന്റെ വേലയെ സഹായിച്ചില്ലെങ്കിൽ മററാരാണ് സഹായിക്കുക? സഭ നിന്നുപോകണം എന്നാഗ്രഹിക്കുന്നവരാണ് സഭയുടെ പ്രവർത്തനങ്ങളിൽ താല്പര്യം കാണിക്കാത്തത്. അവർ ഒരു കാര്യത്തിലും ഇടപെടാതെ കഴിയും. സഭയുടെ വളർച്ച അവർക്കു പ്രശ്നമേ അല്ല. ഈ സഭയിലെ എല്ലാ അംഗങ്ങളും എന്നെപ്പോലെ ആണെങ്കിൽ ഈ സഭ എങ്ങനെയായിരിക്കും എന്നു ചിന്തിക്കുക. അതിനുള്ള ഉത്തരം ആത്മാർത്ഥമായി കണ്ടെത്തുക.

ഏററവും വലിയ വിലകൊടുത്താണ് കർത്താവ് നമ്മെ വിലയ്ക്കു വാങ്ങിയതു. നാം സഭയ്ക്കു വിലയുള്ളവരോ അതോ വിലയില്ലാത്തവരോ? നാം സഭയ്ക്കു പ്രയോജനമുള്ളവരോ അതോ പ്രയോജനം ഇല്ലാത്തവരോ (മത്തായി 25:14-30).

## വ്യക്തിപരമായ കടമ

പൊതുവായ കർത്തവ്യങ്ങൾ സഭയിൽ ഉള്ളതുപോലെ വ്യക്തിപരമായ പല ജോലികളും ഓരോരുത്തർക്കും ചെയ്യാൻ കഴിയും. അതു നാം തിരിച്ചറിയണം. എന്നിൽ കൂടെയാണ് ലോകം മുഴുവൻ സഭയെ അറിയപ്പെടേണ്ടതു എന്ന ബോധം എന്നിൽ ഉണ്ടാകണം. ലോകത്തിനു നിങ്ങൾ കർത്താവിന്റെ ശരീരത്തിലെ ഒരവയവമായി കാണാൻ കഴിയുന്നുണ്ടോ? മററുള്ളവർക്കു ഉപകാര പ്രദമായ രീതിയിൽ ജീവിക്കുന്ന ഒരു ക്രിസ്ത്യാനിയാണോ ഞാൻ? അതോ സ്വന്തം കാര്യം മാത്രം നോക്കി ഒതുങ്ങി കഴിയുകയാണോ? പ്രവർത്തിക്കാത്ത അംഗങ്ങൾ പലപ്പോഴും നിസാര കാര്യങ്ങളെ വിമർശിക്കുന്നവരായിരിക്കും.

★

സ്ത്രീകൾക്കു വേണ്ടി

# ആരാണ് ഭാഗ്യവാൻ?

തങ്കം വർഗീസ്

സങ്കീർത്തനം 112:1-ൽ ദാവീദ് പറയുന്നു: യഹോവയെ ഭയപ്പെട്ടു, അവൻെറ കല്പനകളിൽ ഏററവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ. സങ്കീ: 119-ൽ 1ഉം 2ഉം വാക്യങ്ങൾ യഹോവയുടെ ന്യായപ്രമാണം അനുസരിച്ചു നടപ്പിൽ നിഷ്കളങ്കരായവർ ഭാഗ്യവാന്മാർ. അവൻെറ സാക്ഷ്യങ്ങളെ പ്രമാണിച്ച് പൂർണ്ണഹൃദയത്തോടെ അവനെ അന്വേഷിക്കുന്നവർ ഭാഗ്യവാന്മാർ. സങ്കീ: 1-ൻെറ രണ്ടാം വാക്യം- യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച്, അവൻെറ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. 1:12-ൽ അവനെ ശരണം പ്രാപിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ എന്നും എഴുതിയിരിക്കുന്നു. സങ്കീർത്തനങ്ങൾ 34:8 ൽ നാം വായിക്കുമ്പോൾ ഇതു തന്നെ കാണുന്നു; ''യഹോവ എന്ന് രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ. സങ്കീ:41:1-ൽ ''എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ; അനർത്ഥ ദിവസത്തിൽ യഹോവ അവനെ വിടുവിക്കും.

സദൃശവാക്യങ്ങൾ 28:14-ൽ ശലോമോൻ എഴുതിയിരിക്കുന്നു: ''എപ്പോഴും ഭയത്തോടെ ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ അനർത്ഥ ദിവസത്തിൽ യഹോവ അവനെ വിടുവിക്കും''. സദൃശവാക്യങ്ങൾ 3:13-ൽ നാം ഇപ്രകാരം വായിക്കുന്നു: ജ്ഞാനം പ്രാപിക്കുന്ന മനുഷ്യനും വിവേകം ലഭിക്കുന്നവനും ഭാഗ്യവാൻ. ''യഹോവ ഭക്തി ജ്ഞാന

ത്തിന്റെ ഉറവിടമാകുന്നു. യേശുക്രിസ്തു ദൈവ ജ്ഞാനമാകുന്നു. ജ്ഞാനമുള്ള മകൻ അപ്പനെ സന്തോഷിപ്പിക്കുന്നു. വിവേകമുള്ളവന്റെ ഹൃദയം പരിജ്ഞാനം അന്വേഷിക്കുന്നു. തങ്കത്തെക്കാൾ ജ്ഞാനത്തെ സമ്പാദിക്കുന്നതു എത്ര നല്ലതു! വെള്ളിയെക്കാൾ വിവേകം സമ്പാദിക്കുന്നതു എത്ര ഉത്തമം! ''തിരുവചനം പ്രമാണിക്കുന്നവൻ നന്മ കണ്ടെത്തും; യഹോവയിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ'' (സദൃശവാക്യങ്ങൾ 16:20). നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം. ദൈവ ജ്ഞാനം ഉപദേശിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്ന് ദൈവം സ്വർഗ്ഗത്തിൽ നിന്ന് നോക്കികൊണ്ടിരിക്കുന്നു. ''ജ്ഞാനിയായ പുരുഷൻ ബലവാനാകുന്നു. ജ്ഞാനം കൊണ്ട് അവൻ ഭവനം പണിയുന്നു. വിവേകം കൊണ്ട് അത് സ്ഥിരമായി വരുന്നു. പരിജ്ഞാനംകൊണ്ട് അതിന്റെ മുറികളിൽ വിലയേറിയതും മനോഹരവുമായ സകല സമ്പത്തും നിറഞ്ഞുവരുന്നു'' (സദൃശവാക്യങ്ങൾ 24:3-4).

ഇയ്യോബ് 5:17-ൽ ദൈവം ശാസിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; സർവ്വ ശക്തന്റെ ശിക്ഷ നീ നിരസിക്കരുത് എന്ന് പ്രസ്താവിച്ചിരിക്കുന്നു. ഊസ് എന്ന ദേശത്തു ഇയ്യോബ് എന്നു പേരുള്ള ഒരു പുരുഷൻ ഉണ്ടായിരുന്നു. ദൈവം തന്നെ ഇയ്യോബിനെ കുറിച്ച് സാക്ഷീകരിച്ചു പറഞ്ഞതു എന്തെന്നാൽ ''അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും, ദൈവ ഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ'', സാത്താനോടു് ദൈവം നീ എന്റെ ദാസന്റെ മേൽ ദൃഷ്ടിവെച്ചുവോ? എന്നാൽ അവന്റെ പ്രാണനെ മാത്രം തൊടരുത് എന്ന് കല്പിച്ചു. ഇയ്യോബ് സാത്താനാൽ പരീക്ഷിക്കപ്പെട്ടിട്ടും ദൈവത്തെ ത്യജിച്ചു പറയുകയോ മരിക്കുകയോ ചെയ്തി

ല്ല. യഹോവ ഇയ്യോബിന്റെ മുഖത്തെ ആദരിച്ചു. ഇയ്യോബ് തന്നെ നിന്ദിച്ച സ്നേഹിതന്മാർക്കു വേണ്ടി പ്രാർത്ഥിച്ചു. അവന്റെ സ്ഥിതിക്ക് ഭേദം വരുത്തി മുമ്പെ ഉണ്ടായിരുന്നത് ഒക്കെയും യഹോവ ഇയ്യോബിനു ഇരട്ടിയായി കൊടുത്തു. പിന്നീട് നൂററിനാല്പത് വർഷം കൂടി ജീവിച്ചു കാല സമ്പൂർണ്ണനായി മരിച്ചു.

യാക്കോബ് 1:25-ൽ "സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായ പ്രമാണം ഉററുനോക്കി, അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാനാകും". 1 പത്രൊസ് 4: 14- "ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ, മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെ മേൽ ആവസിക്കുന്നുവല്ലൊ". റോമർ 4:1-8 "അധർമ്മം മോചിച്ചും പാപം മറെച്ചും കിട്ടിയവർ ഭാഗ്യവാന്മാർ. കർത്താവ് പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ. 1 പത്രൊസ് 3:14-നീതി നിമിത്തം കഷ്ടം സഹിക്കേണ്ടിവന്നാലും നിങ്ങൾ ഭാഗ്യവാന്മാർ.

യേശുക്രിസ്തുവിന്റെ വെളിപ്പാട്, തന്റെ ദാസനായ യോഹന്നാന് പ്രദർശിപ്പിച്ചത്, അവൻ ദൈവത്തിന്റെ വചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ടതു ഒക്കെയും സാക്ഷീകരിച്ചു. വെളിപ്പാട് 1:2-3 ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും, അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ". ഇന്ന് ലോകത്ത് ഭൂരിഭാഗം പേരും വചനം കേൾക്കുന്നവർ ആയിരിക്കാം. വച

നം പ്രമാണിക്കുന്നവർ ചുരുക്കമത്രേ. അതുകൊണ്ടാണ് യേശുക്രിസ്തു പറഞ്ഞത് വിളിക്കപ്പെട്ടവർ അനേകർ തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം എന്ന്. എബ്രായർ 5:8 ൽ ''പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യ രക്ഷയുടെ കാരണഭൂതനായി തീർന്നു. വെളിപ്പാട് 22:14-ജീവ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിന് ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിന് തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. മനുഷ്യരുടെ മുമ്പാകെ ലഭിക്കുന്ന ഭാഗ്യാവസ്ഥയല്ല നമുക്ക് ആവശ്യം. ദൈവ മുൻപാകെ ലഭിക്കുന്നതാണ്.

അതുകൊണ്ട് പ്രിയമുള്ളവരെ ഉണർന്നിരിക്കുക. കർത്താവ് കള്ളനെ പോലെ വരും. നിന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പ് സൂക്ഷിച്ചു ജാഗരിച്ചുകൊള്ളുന്നവൻ ഭാഗ്യവാൻ (വെളിപ്പാട് 16: 15). യോഹന്നാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദം കേട്ടു ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. അതേ അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്ന് വിശ്രമിക്കേണ്ടതാകുന്നു (വെളിപ്പാട് 16:15). പ്രിയ സ്നേഹിതരേ നിങ്ങൾ ഭാഗ്യവാൻ ആണോ എന്ന് സ്വയം വിലയിരുത്തുക. ദൈവ കല്പനകൾ നിങ്ങൾ പ്രമാണിച്ചിട്ടുണ്ടോ? നിങ്ങളുടെ പാപങ്ങൾ ദൈവത്താൽ ക്ഷമിക്കപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഉടനെ രക്ഷക്കായുള്ള പുതിയ നിയമ കല്പനകൾ അനുസരിക്കുക. അങ്ങനെ നിങ്ങൾ ഭാഗ്യവാനും ഭാഗ്യവതിയും ആയിതീരും.

★

# ദൈവത്തിൻെറ സമൃദ്ധ കൃപ

**ജോർജ്ജ്. W.D**

നിത്യമായ ഒരു തത്വത്തെ അപ്പൊസ്തലനായ പൌലൊസ് സൂചിപ്പിക്കുന്നുണ്ട്. അതാണ് ''കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു'' എന്നതു (എഫെസ്യർ 2: 5). ദൈവ കൃപയാലല്ലാതെ ആരും ദൈവത്താൽ രക്ഷിക്കപ്പെടുന്നില്ല. അതായത് കൃപ മാററി നിർത്തിയാൽ ഒരു വ്യക്തിക്കും നേടിയെടുക്കാവുന്ന ഒന്നല്ല രക്ഷ എന്നർത്ഥം. നാമധേയ വിഭാഗങ്ങൾക്കിടയിൽ കൃപ എന്നതിനെ കുറിച്ചുള്ള അറിവിൽ അവർ അജ്ഞാതരാണ്. കൃപയാൽ രക്ഷിക്കപ്പെടുന്നു എന്നു പറയുന്നതിൻെറ അർത്ഥം ശരിയായി മനസിലാക്കിയിട്ടുള്ള ഉപദേഷ്ടാക്കളും ചുരുക്കമത്രെ.

## ദൈവ കൃപയുടെ യാഥാർത്ഥ്യം

നമ്മുടെ ദൈവം സർവ്വ കൃപാലു എന്നു പത്രൊസ് തൻെറ ലേഖനത്തിൽ വിവരിക്കുന്നുണ്ട് (1 പത്രൊസ് 5: 10). സകല കൃപയും നിങ്ങൾക്കു തരുവാൻ പ്രാപ്തനാണ് ദൈവം എന്നു കൊരിന്ത്യരെ പൌലൊസ് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്.

കൃപ എന്ന വാക്കിൻെറ അർത്ഥം ഉപകാരം, ദയ, കടാക്ഷം, മനസലിവ്, സ്നേഹം എന്നിങ്ങനെ പറയാവുന്നതാണ്. അനർഹമായ ഒരു ഉപകാരമാണ് കൃപ എന്നു നാം പഠിച്ചിട്ടുണ്ടല്ലൊ. നമ്മിൽ ആരും ദൈവത്തിൻെറ ദയവിനോ കരുണക്കോ യോഗ്യരല്ല എന്നു നമുക്കറിയാം. നാമെല്ലാം പാപികളാണ്, കുററക്കാരാണ്. നഷ്ടപ്പെടേണ്ടവരാണ്. ഏദെൻ തോട്ടത്തിൽ വെച്ച് ദൈവ കല്പന ലംഘിച്ച ആദാമിനേയും ഹവ്വയെയും തോട്ടത്തിൽ നിന്നു പുറത്താക്കി. എങ്കിലും തിരിച്ച് രക്ഷിക്കപ്പെടുവാൻ ദൈവം ഒരു പദ്ധതി ഒരുക്കി. ഇല്ലെങ്കിൽ നമുക്ക് ആർക്കും ദൈ

വത്തോടു അടുക്കുവാൻ പററുമായിരുന്നില്ല. ഒരിക്കൽ നഷ്ടമായതു തിരിച്ചു ലഭിക്കുന്ന ഒരവസ്ഥയാണ് ദൈവം ഒരുക്കിയതു. നമ്മുടെ പാപത്തിനു തക്ക ശിക്ഷ വിധിക്കാതെ ക്ഷമാപണത്തിനു തയ്യാറായ ദൈവത്തിൻെറ പ്രവൃത്തിയെ കൃപയെന്നു വിവക്ഷിച്ചിരിക്കുന്നു.

യോഹന്നാൻ 1:17-ൽ പറയുന്നു: ''ന്യായപ്രമാണം മോശെ മുഖാന്തരം വന്നു. എങ്കിൽ കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു'' എന്ന്. പഴയ നിയമത്തിലും കൃപയും സത്യവും ഉണ്ടായിരുന്നില്ലേ? തീർച്ചയായും ഉണ്ടായിരുന്നു. ദൈവം തൻെറ മക്കൾക്കു നല്കിയതെല്ലാം കൃപയാലായിരുന്നു. അവർക്കു ആഹാരവും വെള്ളവും മററും കൊടുക്കുന്നതും അത്ഭുതകരമായി ദൈവം അടിമത്വത്തിൽ നിന്നു അവരെ വിടുവിച്ചു കൊണ്ടു വന്നതും എല്ലാം അതിനു ഉദാഹരണമായിരുന്നു. ക്രിസ്തുവിനു മുൻപും ദൈവ വചനം ഉണ്ടായിരുന്നല്ലൊ. എന്നാൽ ക്രിസ്തുവിൽ കൂടെ ലഭിക്കുന്ന സത്യവും കൃപയും പഴയ നിയമത്തേതിൽ നിന്നു വ്യത്യസ്ഥമാണ്. ശ്രേഷ്ഠ നിലവാരമുള്ള രീതിയിലാണ് യേശുക്രിസ്തുവിൽ നമുക്കു ലഭിക്കുന്ന സത്യവും കൃപയും ക്രിസ്തുവിൽ കൂടെ ഇന്നു ലഭിക്കുന്ന കൃപയും സത്യവും മററാരിക്കലും ലഭിച്ചിരുന്നില്ല. അളവിലും ഗുണത്തിലും അതു തിട്ടപ്പെടുത്തിയിരിക്കുന്നു. സ്ത്രീകളിൽ ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരും എഴുന്നേററിട്ടില്ല. സ്വർഗ്ഗ രാജ്യത്തിൽ ഏററവും ചെറിയവൻ അവനിലും വലിയവൻ എന്നു നമ്മുടെ കർത്താവു പറയുകയുണ്ടായി (മത്തായി 11:11).

## എന്തുകൊണ്ടു കൃപയെ പഠിപ്പിക്കണം

മുൻ കാലങ്ങളെ അപേക്ഷിച്ച് ഇന്നു കൃപയെ കുറിച്ച് ഉപദേശിക്കേണ്ടതാണ്. കാരണം ഇന്ന് അധികം പേരും ഉപദേഷ്ടാക്കന്മാരിൽ ഏറെറും കൃപ എന്നതിനെ കുറിച്ച് അറിവില്ലാത്തവരായി കാണുന്നു. അതിൻെറ കാര

ണം നാമധേയ വിഭാഗങ്ങളുടെ തെററായ വീക്ഷണങ്ങളും വിവർത്തന പുസ്തകങ്ങളും ഇവരെ സ്വാധീനിച്ചിരിക്കുന്നു എന്നതാണ്. ഈ അജ്ഞരായ ആളുകൾ മററുള്ളവരെ പഠിപ്പിക്കുന്ന തെററുകൾ ബഹു മുഖമാണ്. നിയമാവലികൾ ആവശ്യമില്ല, സ്നാനമാവശ്യമില്ല, പ്രവർത്തികൾ ആവശ്യമില്ല, നാം ഒരു നിയമത്തിനു കീഴിലല്ല, കൃപയ്ക്കത്രെ അധീനർ എന്നിങ്ങനെ വളരെയധികം കാര്യങ്ങൾ പുറത്തു വിട്ടിട്ടുണ്ട്. ഇവർക്ക് എന്തു പററി എന്നു ശലോമോൻ പറയുന്നുണ്ട് (ഉത്തമഗീതങ്ങൾ 6:12).

ഞാൻ ജനിച്ചു വളർന്നതു ഒരു സാധാരണ സ്ഥലത്താണ്. അധികം പേരും ഹൈസ്ക്കൂൾ വിദ്യാഭ്യാസം പോലും പൂർത്തിയാക്കാത്തവർ; കോളേജിൽ പോയിട്ടുള്ളവർ തന്നെ ചുരുക്കം. പക്ഷെ അവർക്ക് ഒന്നറിയാമായിരുന്നു. രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന്. ദൈവം അവരെ സ്നേഹിക്കുന്നു എന്നും. അവർ ബൈബിളിൽ നിന്നും "സത്യ വചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നില്പ്പാൻ ശ്രമിക്ക" എന്നതു അവർ വായിച്ചു മനസ്സിലാക്കി (2 തിമൊഥെയ്യോസ് 2:15). പഴയ നിയമവും പുതിയ നിയമവും മോശെയുടെ ന്യായപ്രമാണവും ക്രിസ്തുവിൻെറ പ്രമാണവും തമ്മിലുള്ള വ്യത്യാസം അവർ മനസ്സിലാക്കിയിരുന്നു. ദൈവത്താലും, ക്രിസ്തുവിനാലും, പരിശുദ്ധാത്മാവിനാലും, ദൈവവചനത്താലുമാണ് നാം രക്ഷിക്കപ്പെടുന്നതു എന്നു അവർ തിരിച്ചറിഞ്ഞിരിക്കുന്നു. അതോടൊപ്പം നമ്മുടെ വിശ്വാസം, പാപങ്ങളിൽ നിന്നുള്ള മാനസാന്തരം, ക്രിസ്തുവിനെ ഏററു പറയൽ, സ്നാനം എന്നിവ ദൈവം കല്പിച്ചിട്ടുള്ളതാണെന്നും അനുസരിക്കേണ്ടതാണെന്നും മനസ്സിലാക്കിയിരിക്കുന്നു (1 പത്രൊസ് 3:21). ദൈവ കൃപയുടെ മർമ്മം എല്ലാ അർത്ഥത്തിലും അവർ മനസ്സിലാക്കി അവർ അതു ആസ്വദിച്ചിരുന്നു (തീത്തൊസ് 2:11-12). ദൈവ കൃപയിൽ നിന്നു ഇവ ഒന്നും മാററി നിർത്താനാവാതെ യോജിച്ചിരിക്കയാണ്.

## കൃപയും സുവിശേഷവും

ദൈവത്തിന്റെ കൃപ ഇന്നു അവന്റെ വചനമാകുന്ന സുവിശേഷത്തിൽ കൂടെ പ്രവർത്തിക്കുന്നു. ദൈവത്തിന്റെ അരുളപ്പാടുകൾ അഥവാ സുവിശേഷം അനുസരിക്കുന്നവരിൽ ദൈവത്തിന്റെ കൃപ പ്രകടമാകും. നാം സുവിശേഷത്താൽ രക്ഷിക്കപ്പെടും എന്നു പറയുമ്പോൾ നാം കൃപയാൽ രക്ഷിക്കപ്പെടുകയാണ് (1 കൊരിന്ത്യർ 15:1-2; എഫെസ്യർ 2:5). ഗലാത്യർക്കു എഴുതിയ സുവിശേഷത്തിൽ പൌലൊസ് കൃപയും സുവിശേഷവും മാറി മാറി ഉപയോഗിച്ചിട്ടുണ്ട്. ''ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ടു നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്കു മാറിയതുകൊണ്ട് ഞാൻ ആശ്ചര്യപ്പെടുന്നു'' എന്നാണ് പൌലൊസ് പറഞ്ഞതു. ദൈവകൃപയെ നാം അറിയുന്നതു അവന്റെ വചനത്തിൽ നിന്നാണ്. സുവിശേഷം ചെയ്യുന്നതെല്ലാം ദൈവത്തിന്റെ കൃപയാണ്. ക്രിസ്തുവിൽ കൂടെയുള്ള ദൈവത്തിന്റെ സൗജന്യ രക്ഷാ പദ്ധതി ദൈവത്തിന്റെ കൃപയാണ്.

## നാം നിയമത്തിനു അധീനരോ?

നാം പഴയ നിയമത്തിനു അധീനരല്ല, മാനുഷിക നിയമത്തിൽ ക്രിസ്തുവിന്റെ പ്രമാണങ്ങൾക്കു വിരുദ്ധമെങ്കിൽ അതിനും കീഴിലല്ല. ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കു മാത്രം നാം കീഴ്പ്പെട്ടിരിക്കണം. ക്രിസ്തു മരിച്ചു സുവിശേഷം സ്ഥിരീകരിച്ച് ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കുവാൻ കല്പന കൊടുത്തിരിക്കുന്നു. എന്നാൽ സുവിശേഷം പ്രസംഗിക്കുന്നു എന്നഭിമാനിക്കുന്നവർ നിയമത്തിനു അധീനരല്ല എന്നു പറയുന്നതു വളരെ വിചിത്രമാണ്. എല്ലാവർക്കും എല്ലാമായി തീർന്നു ഏതു വിധേനയും ചിലരെ നേടേണ്ടതിനു അപ്പൊസ്തലനായ പൌലൊസ് ക്രിസ്തുവിന്റെ ശുശ്രൂഷകനായി തീർന്നു.

★

# സോദോം

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

മാനസം മാറാത്ത വഞ്ചകകൂട്ടങ്ങൾ,
രാത്രീഞ്ചരന്മാരായ് ചുററിതിരിയുമ്പോൾ.
തകർന്നടിഞ്ഞീടുന്ന ജീവിതകോലങ്ങൾ,
സോദോമിൽ വെന്തു നശിക്കാനൊരുങ്ങുന്നു.

എത്ര പറഞ്ഞാലും കേൾക്കാൻമനസ്സില്ല,
സത്യംപറഞ്ഞാൽ കളവെന്നു ചൊല്ലുന്നു.
ഗന്ധകവും പിന്നെ പാവകനും നന്ദേ,
ഭസ്മീകരിക്കുമേ സോദോമിൻമക്കളേ.

ദൂതനുരെപ്പതു കേട്ടതും അന്നേരം,
ഓടിയൊളിച്ചതാം ലോത്തും കുടുംബവും.
പെട്ടെന്നതുസംഭവിച്ചതും അന്നേരം,
ലോത്തിൻെറ ഭാര്യയോ നോക്കിപുറകാലെ.

നില്ക്കുന്നുതൂണുപോൽ ഉപ്പായി മാറിനാർ,
വേദംതുറന്നാൽ അറിയുമേ സോദരാ.
നല്ലപോൽ ചിന്തിച്ചുരചെയ്യുസോദരാ

സത്യംപറയാൻ മറന്നുപോയ് മനുഷ്യാ,
നിത്യം കറങ്ങുന്നതെന്തെന്നറിയുമോ.
പാപം ജനിക്കുന്ന വിസ്മയ ലോകത്തിൽ,
മായാ മയക്കിനടിപ്പെട്ട കൂട്ടങ്ങൾ.

കാന്തേ ലെബാനോനെ വിട്ടുവരിക നീ,
പുള്ളിപ്പുലിയുണ്ടങ്ങു കൊന്നുമൂടിക്കുമേ.
സത്യംപറയുന്ന പുസ്തകം നോക്കൂ നീ,
രക്ഷയതിലുണ്ടഹോ നിശ്ചയം കൂട്ടരേ.

★

# ദൈവേഷ്ടം

## ബോബി.എൽ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

തെളിവ് മനസിലാക്കി അതിലെ സ്വാധീനതയും കൃത്യതയും ഉറപ്പു വരുത്തിയിരിക്കുന്നതു നാം സ്വായത്തമാക്കണം. ആന്തരികമായി സംഭവിക്കുന്ന ഒന്നാണ് മാനസാന്തരം. അതിൻെറ ഫലം പുറമെ കാണുവാനും കഴിയും (റോമർ 8:16). ശേഷം നമ്മുടെ പുറമെയുള്ള ജഡം നമ്മെ നിയന്ത്രിക്കുന്നതിനു അനുവദിച്ചു കൂടാ. പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നതാണ്. പുതുക്കം പ്രാപിക്കേണ്ടതു അകമേയുള്ള മനുഷ്യനാണ് (2 കൊരിന്ത്യർ 4:16). അകമെയുള്ളതു ആത്മാവാണ് ആത്മാവിനെ നാം പുതുക്കികൊണ്ടിരിക്കണം. സ്വാധീനത്തിൻെറ ഫലമായുണ്ടാകുന്ന മാററമാണിത്. പരമാർത്ഥതയിൽ നടക്കുന്നവരാണ് നീതിമാന്മാർ. അവൻെറ ശേഷം അവൻെറ മക്കളും ഭാഗ്യവാന്മാർ എന്നു വിളിക്കപ്പെടും. വാക്കിനാലും ക്രിയയാലും നാം ചെയ്യുന്നതെല്ലാം നാം മനസ്സിൽ കണക്കു കൂട്ടുന്നതനുസരിച്ചായിരിക്കും. പുതുക്കം പ്രാപിച്ച മനസുള്ള ഒരാളാണ് പുതിയ സൃഷ്ടിയായി തീരുന്നതു.

ദൈവേഷ്ടം പഠിക്കുന്ന വ്യക്തി ഒരു വ്യക്തിത്വത്തിൻെറ വെല്ലുവിളി ജീവിതത്തിൽ അവതരിപ്പിക്കുകയാണ്. അതായത് തൻെറ ജീവിതം എങ്ങനെ നയിക്കുന്നു എന്നു അവർ തെളിയിക്കേണ്ടതാണ് (റോമർ 12:2). തെളിയിക്കൽകൊണ്ടു അർത്ഥമാക്കുന്നതു അംഗീകരിക്കുന്ന ആരംക്കു തൃപ്തികരമായി തീരുക എന്നതാണ്. നാം ചെയ്യുന്ന കാര്യം, പറയുന്ന കാര്യം സ്വീകാര്യമാണോ, അംഗീകരിക്കത്തക്കതോണോ എന്ന അന്വേഷണം നടത്തണം. അതു ദിനംപ്രതിയുള്ള പരിശോധനയിലൂടെയാണ് കഴിയുന്നതു

തിരുവെഴുത്തുകളെ പരിശോധിച്ച് വേണം നാം ഓരോന്നു ഉറപ്പു വരുത്തുവാൻ (പ്രവൃത്തി 17:11; സങ്കീർത്തനങ്ങൾ 119:97). നമ്മുടെ ശരീരത്തിനു ഏതുപോലെ ദിവസവും ആഹാരം ആവശ്യമാണോ അതുപോലെ നമ്മുടെ ആത്മാവിനു ജീവന്റെ അപ്പമായ വചനം ദിവസവും ആവശ്യമാണ്. ശ്രദ്ധാപൂർവ്വം വേണം നാം ഓരോന്നു കണ്ടെത്തേണ്ടത്. വിരസമായതോ അലക്ഷ്യമായതോ ആയ അന്വേഷണം ആയിരിക്കരുത് (യോഹന്നാൻ 5:39). സത്യവചനത്തെ ധ്യാനിച്ചു പഠിക്കേണ്ടിയിരിക്കുന്നു (2 തിമൊഥെയോസ് 2:15). സമർപ്പിക്കപ്പെട്ടതും, ആഴമേറിയതും, ശ്രദ്ധയോടെയുള്ള നിരന്തരമായ പഠനം ലക്ഷ്യത്തിലെത്തിക്കും. അതു ദൈവേഷ്ടം മനസ്സിലാക്കി ദൈവത്തെ പ്രസാദിപ്പിക്കുവാൻ സഹായകരവുമായി തീരും.

തെളിവുകൾ പരിശോധിച്ച് ഉറപ്പു വരുത്തുമ്പോൾ ദൈവേഷ്ടം നമ്മെ പ്രേരിപ്പിക്കുന്നു. തെളിവുകളുടെ ബലത്തിലല്ലാതെ കണ്ണടച്ച് വിശ്വസിക്കുവാൻ ദൈവം പറഞ്ഞിട്ടില്ല. യേശുക്രിസ്തു ചെയ്ത അടയാളങ്ങളും അത്ഭുതങ്ങളും പ്രത്യക്ഷമായ തെളിവു നല്കി വിശ്വസിപ്പിക്കയായിരുന്നു (യോഹന്നാൻ 20:30-31). തെറ്റുകൾ ധാരാളമുള്ള ഈ ലോകത്തു സത്യം കണ്ടു പിടിക്കുവാൻ ശ്രമം നടത്തേണ്ടതുണ്ട്. യേശുക്രിസ്തു പറഞ്ഞതു: സത്യം നിങ്ങൾ അറിയും. സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹന്നാൻ 8:32). സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കണം. ദൈവം അരുളിച്ചെയ്ത കാര്യങ്ങൾ മാത്രമാണ് നമുക്ക് ആവശ്യം.

അന്വേഷണവും പരിശോധനയും അംഗീകരിക്കുന്ന ദൈവേഷ്ടം ആവശ്യപ്പെടുന്നു എന്നു നാം കണ്ടല്ലോ. ദൈവവചനം കൈക്കൊള്ളുന്ന ഒരംഗീകാരമാണ് ഇവിടെ വേണ്ടതു. പലരും പറയുന്നുണ്ട് തങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നവരാണ് എന്ന്. പക്ഷെ ദൈവ വചനം സ്വീക

ത്തിക്കുന്ന കാര്യത്തിൽ അവർ പുറകോട്ടു മാറും. ദൈവ ത്തെ പ്രസാദിപ്പിക്കുവാൻ അവർക്കു വാസ്തവത്തിൽ താ ല്പര്യമുണ്ടെങ്കിൽ അവർ അതു അനുസരിക്കാതിരിക്കുന്ന തു എന്തു കൊണ്ട് എന്നു മനസിലാകുന്നില്ല (സങ്കീർത്തന ങ്ങൾ 119:11-16). ദൈവത്തിൻെറ ചട്ടങ്ങളും പ്രമാണങ്ങളും നമ്മുടെ നടപ്പ് ശരിയാക്കുന്നതിനു വേണ്ടിയാണ് (സങ്കീർ ത്തനങ്ങൾ 119;105). ദൈവ വചനം കൈക്കൊള്ളുക എന്നു പറഞ്ഞാൽ അതു നാം പ്രായോഗികമാക്കുക എന്നർത്ഥം. ജീവിതത്തെ ക്രമപ്പെടുത്തുവാൻ മനുഷ്യനു ദൈവം നല് കിയിരിക്കുന്ന പത്ഥ്യ വചനം അനുസരിച്ചാൽ നാം ഒരി ക്കലും ലജ്ജിക്കേണ്ടി വരികയില്ല.

ദൈവം മനുഷ്യനു ഉപകാര പ്രദമായി തീരണം; തി രുവെഴുത്തുകൾ ഓരോരുത്തർക്കും പ്രയോജന പ്രദമായി തീരണം. അതാണ് ദൈവം അഗ്രഹിക്കുന്നത് (റോമർ 12: 2). യഥാർത്ഥമായ ധനം നമുക്ക് അവകാശമായി കിട്ടുന്ന തു നാം ദൈവത്തെ അനുസരിക്കുമ്പോഴാണ് (എഫെസ്യർ 1;3; 3:8; എബ്രായർ 11;26). ദൈവവുമായി ഒരു ശരി യായ ബന്ധം പുനഃസ്ഥാപിക്കപ്പെടുന്നതു അപ്പോഴാ ണ് (2 കൊരിന്ത്യർ 6:14-18). മാത്രമല്ല ദൈവത്തെ അനു സരിക്കുന്നവർക്കാണ് ദൈവം പ്രതിഫലം കൊടുക്കുന്ന തു (1 പത്രൊസ് 1:3-5). മനുഷ്യൻെറ ആത്മ രക്ഷ ക്കു വേണ്ടി എന്തു ചെയ്യണമെന്ന് പറഞ്ഞിരിക്കുന്ന ദൈവ ത്തെ അംഗീകരിപ്പിക്കുവാൻ നാം ഇതിനു പകരം മറെറന്തു ചെയ്താലും ഫലമില്ല. ദൈവത്തിൻെറ സുവിശേഷം അ ങ്ങനെ തന്നെ പ്രസംഗിക്ക, അതു അങ്ങനെ തന്നെ കേൾക്ക യും വിശ്വസിക്കയും അനുസരിക്കയും വേണം. ഇതാണ് ഇ ന്നു ദൈവേഷ്ടം. തികഞ്ഞതും പൂർണ്ണമായതുമായ ദൈവ ത്തിൻെറ വഴി തിരിച്ചറിഞ്ഞ് സഞ്ചരിക്കുക. അങ്ങനെ ചെയ് താൽ ദൈവം നിങ്ങളെ ചേർത്തുകൊള്ളും.

★

# കന്യകാ ജനനം

## സ്റ്റീഫൻ

ധാരാളം ജനനം നടക്കുന്നുണ്ട് ലോകത്തിൽ. ഭൗതികമായ ജനനവും ആത്മിക ജനനവുമുണ്ട്. എന്നാൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കന്യകാ ജനനം. കന്യകയായ ഒരു പെൺകുട്ടിയിൽ ജനനം നടക്കുക അസാധാരണമാണ്. എന്നാൽ അത്ഭുതകരമായ രീതിയിൽ യേശുവിനു മനുഷ്യനായി ഈ ലോകത്തിലേക്കു വരുവാൻ അതു ആവശ്യമായിവന്നു. മാനുഷിക പ്രത്യുൽപ്പാദനശേഷി കൊണ്ടുള്ള ഒരു ജനനമായിരുന്നില്ല മറിയയിൽ നടന്നതു. അവരം ഗർഭിണിയായതു പരിശുദ്ധാത്മാവു മുഖാന്തരം അതിശയമായിട്ടായിരുന്നു (ലൂക്കൊസ് 1:34-35). ആകയാൽ ബൈബിളിലെ കന്യകാ ജനനത്തിനു പ്രത്യേകത ഏറുന്നു. എടുത്തു പറയാവുന്നതും അസാമാന്യവുമായ ഈ ജനനത്തെ ബൈബിളിൽ സൂചിപ്പിക്കുന്നതു ഒരു ചരിത്ര സംഭവമായിട്ടാണ്. അനേക വർഷങ്ങൾക്കു മുൻപു ദൈവം വാഗ്ദാനം ചെയ്തിരുന്നതാണ്. അതു കാലം തികഞ്ഞപ്പോൾ അവൻ നിറവേററി. ദൈവത്തെ കണ്ണടച്ച് അവിശ്വസിക്കുന്നവർ ഇതിനെ അവിശ്വസിച്ചേക്കാം. പക്ഷെ സത്യത്തെ ആർക്കും ഇല്ലാതാക്കാൻ സാദ്ധ്യമല്ല.

പുതിയ നിയമ പുസ്തകങ്ങളിലെ മത്തായി, ലൂക്കൊസ് എന്നിവരുടെ വിവരണങ്ങൾ പരിശോധനക്കായി എടുക്കാം. ക്രിസ്തുവിന്റെ ജനനത്തെ സംബന്ധിച്ച് വെളിപ്പെടുത്തിയിരിക്കുന്ന സത്യം നോക്കുക. ഗബ്രിയേൽ ദൂതൻ വന്ന് മറിയ ഗർഭിണിയാകാൻ പോകുന്ന വിവരം അറിയിക്കുന്നതായി ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു. വിവാഹ നിശ്ചയം ചെയ്തിരിക്കുന്ന തന്റെ ഭാര്യയാകാൻ പോകുന്ന പെൺകുട്ടി ഗർഭവതി എന്നറിഞ്ഞു ഗൂഢമായി അവളെ ഉപേക്ഷിപ്പാൻ ആലോചിച്ച യോസേഫിനു ദൂതൻ പ്രത്യക്ഷനായി, മറിയയുടെ ഗർഭധാരണം പരി

ശുദ്ധാത്മാവിനാലാണെന്നും അതുകൊണ്ട് അവളെ ചേർത്തു കൊാംവാൻ ശങ്കിക്കേണ്ട എന്നും പറയുന്നു. ഈ രണ്ടു വിവരണങ്ങളും ഒന്നിനൊന്നു യോജിച്ച് ഇരിക്കുന്നു എന്നതാണ് വസ്തുത. രണ്ടോ മൂന്നോ സാക്ഷികളുടെ വാമൊഴിയാൽ കാര്യങ്ങൾ സ്ഥിരീകരിക്കാറുണ്ടല്ലൊ. ദൈവിക സത്യത്തെയും അതേപോലെ സ്ഥിരപ്പെടുത്തിയിരിക്കുന്നു.

ഇതു സംഭവിക്കുന്നതിനു ഏതാണ്ട് 700 വർഷങ്ങൾക്കു മുൻപ് പഴയ നിയമത്തിൽ ഈ ജനനത്തെ പ്രവചിച്ചു പറഞ്ഞിട്ടുണ്ട്. യെഹൂദ്യാ രാജാവായിരുന്ന ആഹാസ് മത്സര സ്വഭാവക്കാരനായിരുന്നു. തന്റെ ശത്രുക്കളെ കുറിച്ച് യഹോവയോടു അടയാളം ചോദിപ്പാൻ അവൻ തയ്യാറായില്ല. അപ്പോൾ യെശയ്യാവ് പ്രവചിച്ചു പറയുന്നതു കേൾക്കുക. ''അതുകൊണ്ടു കർത്താവു തന്നെ നിങ്ങൾക്കു ഒരു അടയാളം തരും; കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവനു ഇമ്മാനുവേൽ എന്നു പേർ വിളിക്കും'' (യെശയ്യാവ് 7:14). നമുക്കറിയാം യെഹൂദ്യയിലെ ബേത്ലഹേമിൽ ആയിരുന്നു അവന്റെ ജനനം. ദൈവപദ്ധതി ഒന്നും തന്നെ യാദൃശ്ചികമല്ല. വളരെ മുൻപു തന്നെ രൂപപ്പെടുത്തി തയ്യാറാക്കി നടപ്പാക്കുകയാണ്.

ലോകത്തെ രക്ഷിപ്പാനായി മററു മാർഗ്ഗം ഇല്ലായിരുന്നു. മനുഷ്യർ എല്ലാവരും പാപികളായി തീർന്നു. ദൈവ നീതിക്കു ഭംഗം വരുത്താതെ പാപത്തിനു ശിക്ഷ വിധിക്കുകയും നടപ്പാക്കുകയും ചെയ്യുന്നു. മത്തായി എന്ന ലേഖകനെ പരിശുദ്ധാത്മാവ് നിയന്ത്രിച്ചുകൊണ്ട് എഴുതിയിരിക്കുന്ന കാര്യങ്ങൾ വായിച്ചാൽ പഴയ നിയമത്തിൽ പ്രവചിച്ചതിന്റെ നിറവേറലായിരുന്നു കന്യകാ ജനനം എന്നു മനസിലാക്കാം. ''കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും'' എന്നു

കർത്താവു പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവർത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു (മത്തായി 1:22-23).

ദൈവത്തിൽ വിശ്വാസമർപ്പിക്കുന്ന ദൈവ മക്കൾ മടിക്കാതെ കന്യകാ ജനനത്തെ വിശ്വസിക്കും. അതൊരു ചരിത്ര സംഭവമാണ്; സത്യമാണ്. അതുകൊണ്ടു ദൈവ ശ്വാസിയമായ തിരുവെഴുത്തുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ നാം തള്ളിക്കളഞ്ഞാൽ ദൈവത്തെ തള്ളി കളയുന്നതിനു തുല്യമായി മാറുന്നു. സുവിശേഷ പുസ്തകങ്ങൾ എഴുതിയവരും പഴയ നിയമ പ്രവാചകന്മാരുടെ പ്രവചനങ്ങൾ രേഖപ്പെടുത്തിയവരും അതു വെറുതെ എഴുതിയതല്ല. പുതിയ നിയമത്തിൻെറ ഒരു ഭാഗമാണ് കന്യകാ ജനനം. അതു ദൈവ പദ്ധതിയുടേയും വചനത്തിൻേറയും ഭാഗമാണ്. ദൈവശ്വാസിയരായ രണ്ടെഴുത്തുകാരും ഈ വിവരണങ്ങൾ പരസ്പര പൂരകങ്ങളായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നതു.

കന്യകാ ജനനത്തെ നിഷേധിക്കുന്നതു ദൈവത്തെ നിഷേധിക്കുന്നതിനു തുല്യമാണ്. ദൈവ വചനത്തിൻെറ പരമാധികാരത്തെ നാം ഒരിക്കലും ചോദ്യം ചെയ്യരുതു. ദൈവശ്വാസിയമായ വചനമാണ് ബൈബിൾ എന്നു പലവിധത്തിലും തെളിയിക്കപ്പെട്ടതുകൊണ്ട് അവയിൽ ചിലതു വിശ്വസിക്കയും മററു ചിലതു അവിശ്വസിക്കയും ചെയ്യുന്നതു ശരിയല്ല കന്യകാ ജനനം ദൈവ മനസിൽ രൂപപ്പെട്ട ആശയമായിരുന്നു. അതു മനുഷ്യ സങ്കല്പത്തിൽ ഒതുങ്ങുന്നതല്ല. ദൈവത്തിൻെറ അധികാരത്തിൽ പെടുന്നതാണ് സകല സൃഷ്ടികളും. പാപ പരിഹാരവും ദൈവമാണ് വരുത്തുന്നതു എന്നത്രെ തിരുവെഴുത്തു വെളിപ്പെടുത്തിയിരിക്കുന്നതു.

യേശുവിൻെറ കന്യകാ ജനനത്തിൽ ദൈവികത്വം ഉൾപ്പെട്ടിട്ടുണ്ട്. നിങ്ങളും ഞാനും വെറും മനുഷ്യർ മാത്രമാണ്. എന്നാൽ ക്രിസ്തു മനുഷ്യനും ദൈവവുമായി

രുന്നു. രണ്ടു വ്യക്തിത്വങ്ങളുടെ ഉടമയായിരുന്നു അവൻ. അതായതു ദൈവം ജഡ സാദൃശത്തിൽ മനുഷ്യ വേഷത്തിൽ ആണ് ജീവിച്ചതു. മനുഷ്യരിൽ നിന്നും വ്യത്യസ്ഥ സ്വഭാവങ്ങൾ ഉള്ളതായ ദൈവത്തെ യേശുവിൽ നമുക്ക് ദർശിക്കാൻ കഴിയും. വിശുദ്ധ വേദ പുസ്തകത്തിൽ കന്യകാ ജനനത്തിനു മുൻപും പിൻപും ഉള്ള അവന്റെ അവസ്ഥയെ സൂചിപ്പിച്ചിട്ടുണ്ട്, ''ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. വചനം ജഡമായി തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ് പിതാവിൽ നിന്നും ഏക ജാതനായവന്റെ തേജസായി കണ്ടു'' (യോഹന്നാൻ 1: 1,14). ദൈവത്തിന്റെ മനുഷ്യാവതാരത്തെ അപ്പോസ്തലനായിരുന്ന പൌലൊസ് വ്യക്തമാക്കുന്നതു ''അവൻ ജഡത്തിൽ വെളിപ്പെട്ടു'' എന്നാണ് (1 തിമൊഥെയോസ് 3:16). ''എന്നാൽ കാല സമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി നിയോഗിച്ചു'' (ഗലാത്യർ 4:4).

ബൈബിളിൽ പറയുന്നതുപോലെയുള്ള അത്ഭുതകരമായി പരിശുദ്ധാത്മാവിനാൽ ഉള്ള ജനനമല്ലായിരുന്നു യേശുവിന്റേതെങ്കിൽ അവനു ഭൗതികമായ ഒരു പിതാവ് ഉണ്ടാകുമായിരുന്നു. അങ്ങനെയായാൽ അവന്റെ ജനനം വെറും മാനുഷികമായി തീരും. അവനിൽ ദൈവിക ശക്തി കാണുകയില്ല. സാധാരണ മനുഷ്യർക്കു ഏതു രീതിയിൽ ജീവിക്കാൻ കഴിയുമോ ആ രീതിയിലേ ജീവിക്കാനും പററു. ഈ ഭൂമിയിൽ ജനിച്ചു വളരുന്ന ഏതൊരു സാധാരണ മനുഷ്യനും പാപത്തെ ദൂരീകരിക്കാൻ സാദ്ധ്യമല്ല. പാപം കൂടാതെ ജീവിക്കാനും സാദ്ധ്യമല്ല.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9 00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

**You are Cordially Invited**
**To Attend**
**Services and Bible studies**

Sunday 10 a.m.
Tuesday 6.30 P.m.

**Meeting place**

## CHURCH OF CHRIST BUILDING

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To